**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1325** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>മണൽ വാരൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സാൻഡ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം, സംസ്ഥാനത്തെ 17 നദികളിൽ നിന്ന് മണൽ വാരാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് മുൻ സർക്കാരിന്റെ കാലത്ത് അനുമതി നൽകിയിരുന്നോ; ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ നദികളിൽ നിന്നും മണൽ വാരൽ പുനഃരാരംഭിക്കുന്നതിനുള്ള നടപടിക്രമം (SOP) 19.05.2025 തീയതിയിലെ സ.ഉ.(സാധാ) നം. 1184/2025/RD പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സർക്കാർ ഉത്തരവ് 31.05.2025 തീയതിയിലെ സ.ഉ.(സാധാ) നം.1305/2025/RD നമ്പർ പ്രകാരം റദ്ദ് ചെയ്തു കൊണ്ടും ഉത്തരവായിരുന്നു.

മണൽ ഖനനം സംബന്ധിച്ചുള്ള ലളിതവും വേഗതയേറിയതുമായ നടപടിക്രമം (SOP) സർക്കാർ പരിശോധിച്ച് വരുന്നു.

ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (DSR) പ്രകാരം മണൽ ലഭ്യത കണ്ടെത്തിയിട്ടുള്ളതിൽ, അതിർത്തിനിർണ്ണയം പൂർത്തിയായ സൈറ്റുകളിൽ മണൽഖനനം ആരംഭിക്കുന്നതിനായി മൈനിംഗ് & ജിയോളജി വകുപ്പിന്റെ Letter of Intent, പരിസ്ഥിതി വകുപ്പിൽ നിന്നും പാരിസ്ഥിതികാനുമതി ലഭ്യമാകുകയും, അതോടൊന്നിച്ച് മണൽ ഖനനം സംബന്ധിച്ച നടപടിക്രമങ്ങൾക്കും (SOP) വിധേയമായിട്ടായിരിക്കും മണൽ ഖനനം പുന:രാരംഭിക്കാൻ കഴിയുന്നത്.

**(ബി)** ആദ്യഘട്ടം മണൽ വാരൽ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; മറ്റു നദികളിലെ മണൽ വാരൽ സംബന്ധിച്ച് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മണൽ വാരൽ ഫലപ്രദമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഏകോപനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മണൽവാരൽ സംബന്ധിച്ച് ബഹു:മുഖ്യമന്ത്രി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും യോഗം 02.09.2026ന് വിളിച്ചു ചേർത്തിട്ടുള്ളതും, ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**